# മഹാത്മാഗാന്ധി സർവ്വകലാശാല, കോട്ടയം

കെ. എൻ. വേണുഗോപാലൻ കർത്ത
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ: 0481 2731020, 2732650,
മൊബൈൽ: 9846720402

പി.ആർ.ഒ/35/63/2017 പത്രക്കുറിപ്പ് 2017 മാർച്ച് 23

**പരീക്ഷാതീയതി**

അഫിലിയേറ്റഡ് കോളേജുകളിലെ മൂന്നാം സെമസ്റ്റർ എം.എസ്‌സി. കംപ്യൂട്ടർ എഞ്ചിനിയറിങ് & നെറ്റ്‌വർക് ടെക്നോളജി (2015 അഡ്മിഷൻ റഗുലർ/2015 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി)/ഒന്നാം സെമസ്റ്റർ (2016 അഡ്മിഷൻ റഗുലർ/2016 ന് മുൻപുള്ള അഡ്മിഷൻ സപ്ലിമെന്ററി) ഡിഗ്രി പരീക്ഷകൾ യഥാക്രമം മെയ് 10, 24 തീയതികളിൽ ആരംഭിക്കും. അപേക്ഷകൾ പിഴയില്ലാതെ ഏപ്രിൽ 10 വരെയും 50 രൂപ പിഴയോടെ 11 വരെയും 500 രൂപ സൂപ്പർ ഫൈനോടെ 17 വരെയും സ്വീകരിക്കും.

**പ്രാക്ടിക്കൽ പരീക്ഷ**

നാലാം സെമസ്റ്റർ ബി.വോക് (മാർക്കറ്റിംഗ് മാനേജ്മെന്റ് & ഐ.റ്റി , റീടെയിൽ മാനേജ്മെന്റ് & ഐ.റ്റി) ഡിഗ്രി പരീക്ഷയുടെ പ്രാക്ടിക്കൽ മാർച്ച് 28 ന് മാന്നാനം കെ. ഇ കോളേജിൽ വച്ച് നടത്തും.

**ജില്ലാതല ലഹരി വിരുദ്ധപ്രചരണം ഉദ്ഘാടനം ചെയ്തു.**

മഹാത്മാഗാന്ധി സർവ്വകലാശാലാ നാഷണൽ സർവ്വീസ് സ്കിം, സംസ്ഥാന എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ കോട്ടയം ജില്ലയിൽ നടപ്പിലാക്കുന്ന ലഹരി വിരുദ്ധ സന്ദേശ പ്രചരണം സർവ്വകലാശാലാ സിൻഡിക്കേറ്റ് മെമ്പർ ഡോ : ആർ പ്രഗാഷ് ഉദ്ഘാടനം ചെയ്തു. സ്കൂൾ ഓഫ് ബിഹേവിയറൽ സയൻസിൽ നടന്ന ലഹരി വസ്തുക്കളുടെ ദൂഷ്യവശങ്ങൾ, ചികിത്സ എന്നിവയെ ആസ്പദമാക്കി നടത്തിയ ഏകദിന സെമിനാറിൽ ജില്ലാ ഡപ്യൂട്ടി എക്സൈസ് കമ്മീഷണർ സുരേഷ് റിച്ചാർഡ്, കോട്ടയം മെഡിക്കൽ കോളേജ് മനോരോഗവിഭാഗം മേധാവി പ്രൊഫ : ഡോ : വർഗീസ് പുന്നൂസ്, അഡാർട്ട് ഡയറക്ടർ എൻ എം സെബാസ്റ്റ്യൻ എന്നിവർ പങ്കെടുത്തു. റോബി, ഡോ : ജോബിൻ, അനൂപ് ഗോപിനാഥ്, റിൻസിമോൾ മാത്യൂ എന്നിവർ നേതൃത്വം നൽകി.

**അടിക്കുറിപ്പ്**

മഹാത്മാഗാന്ധി സർവ്വകലാശാലാ നാഷണൽ സർവ്വീസ് സ്കിം, സംസ്ഥാന എക്സൈസ് വകുപ്പിന്റെ സഹകരണത്തോടെ കോട്ടയം ജില്ലയിൽ നടപ്പിലാക്കുന്ന ലഹരി വിരുദ്ധ സന്ദേശ പ്രചരണം സർവ്വകലാശാലാ സിൻഡിക്കേറ്റ് മെമ്പർ ഡോ : ആർ പ്രഗാഷ് ഉദ്ഘാടനം ചെയ്യുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ ചാർജ്)**